LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 3 സ്പാനുകളുള്ള അന്ധകാരനഴി വടക്കേപ്പാലത്തിന്റെ പൈൽ ഫൗണ്ടേഷനുകളുടെയും പടിഞ്ഞാറ് വശത്തുള്ള സ്പാനിന്റേയും പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കിഴക്കേ സ്പാനിന്റെ ബീമിന്റെ കമ്പി പണി പൂർത്തീകരിക്കുകയും ഡെക്ക് സ്ലാബിന്റെ ഷട്ടറിംഗ് പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു.

ടി പ്രവൃത്തി 18-12-2009-ൽ കരാറിലേർപ്പെട്ട് ആരംഭിച്ചുവെങ്കിലും പ്രവൃത്തിയിൽ പുരോഗതി ഇല്ലാതിരുന്നതിനാൽ 17-10-2011-ൽ കരാർ റദ്ദ് ചെയ്യുകയും പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനഃക്രമീകരിക്കുകയും ചെയ്തു. 1-7-2014-ൽ പടിഞ്ഞാറു വശത്തെ സ്പാനിന്റെ പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം പൊഴി മുറിഞ്ഞു കിടന്നതിനാലുള്ള ഒഴുക്കിന്റെ തള്ളൽമൂലം കിഴക്കേ ബണ്ട് തകർന്നതിനാലും സൈറ്റിലുണ്ടായ തൊഴിൽ പ്രശ്നം മൂലവും ഈ സാമ്പത്തിക വർഷം പ്രവൃത്തിയ്ക്കായി ബഡ്ജറ്റിൽ തുക വകകൊള്ളിക്കാത്തതിനാൽ പാർട്ട് ബില്ലിന് പേയ്മെന്റ് നൽകുവാനുള്ള കാലതാമസംമൂലം കരാറുകാരനുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടുമൂലവും 3 മാസത്തോളം പ്രവൃത്തി നിർത്തിവയ്ക്കേണ്ടതായി വന്നു.

(ബി) പുനർ ഏർപ്പാടാക്കിയ കരാർ ഉടമ്പടി പ്രകാരം 1-9-2013-ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രവൃത്തിയുടെ ഭരണാനുമതി തുക 635 ലക്ഷം രൂപയാണ്. ഈ സാമ്പത്തിക വർഷം പ്രവൃത്തിക്കായി തുക വകയിരുത്തിയിട്ടില്ല. എസ്.ഡി.ജി.യിൽ കടിശ്ശിക ബില്ലിനുള്ള തുക ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പാലം പണിയുന്നതിന് നിലവിൽ തടസ്സം ഒന്നുമില്ല. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കൊയിലാണ്ടിയിൽ നടപ്പാക്കുന്ന വികസന പദ്ധതികൾ

134 (135) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് കൊയിലാണ്ടി ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാം ; ചെലവഴിച്ച തുക എത്ര; വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ തീരദേശ റോഡുകൾക്കായുള്ള

പുനരുദ്ധാരണ പദ്ധതി പ്രകാരം കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഏതെല്ലാം റോഡുകൾ പുനരുദ്ധരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്; ഓരോ റോഡിനും എത്ര ഉക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന വർഷം തിരിച്ച് വിശദമാക്കുമോ;

(സി) ഈ സർക്കാരിന്റെ ഭരണകാലത്ത് കൊയിലാണ്ടി ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം ; എത്ര ഉക ഭരണാനുമതി നൽകി ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ഡി) തീരദേശ വികസന കോർപ്പറേഷൻ മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികൾ നടപ്പാക്കിവരുന്നു എന്നത് വിശദമാക്കുമോ ; ഓരോ പദ്ധതിക്കും അനുവദിച്ച ഉക എത്രയെന്ന് വ്യക്തമാക്കുമോ ;

(ഇ) നബാർഡ് സ്കീമുകളിൽ കൊയിലാണ്ടിയിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാം ; വിശദമാക്കാമോ ?

ഉത്തരം

(എ) കൊയിലാണ്ടി മത്സ്യബന്ധന ഇറമുഖത്തിന്റെ ഭാഗമായ 1515 മീറ്റർ നീളമുള്ള പ്രധാന പുലിമുട്ടിന്റെ അവസാനത്തെ 133 മീറ്റർ നിർമ്മാണവും, വാർഫ്, ലേലപ്പുര റിക്ലമേഷൻ ബണ്ട് എന്നിവയുടെ നിർമ്മാണവും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായ കിണർ, വാട്ടർ ടാങ്ക് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ച 6399 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി 20-6-2014-ൽ നൽകിയിട്ടുണ്ട്. തുടർന്ന് ബാക്കി പൂർത്തിയാക്കുവാനുള്ള പ്രവൃത്തികൾക്കായി സാങ്കേതികാനുമതി നൽകുകയും 29-11-2014 opening date ആയി pre-qualification Tender ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ 4857.52 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1578.49 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിലുൾപ്പെടുത്തി 2013-14 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കൊയിലാണ്ടി നഗരസഭയിൽ പയ്യോളി മുതൽ ഇരിങ്ങൽ വരെയുള്ള റോഡ് പുനരുദ്ധാരണത്തിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ 2011-12-ൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഒരു റോഡിനും, 2012-13-ൽ 8 റോഡുകൾക്കും, 2013 -14-ൽ 12 റോഡുകൾക്കും, 2014-15-ൽ 2 റോഡിനും ഭരണാനുമതി നൽകി. വിശദവിവരം അനുബന്ധം ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി കൊയിലാണ്ടി ഫിഷറീസ് സ്കൂളിന്റെ പുനരുദ്ധാരണത്തിനായി 135 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിലുള്ള സ്കൂൾ കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, സ്കൂളിനാവശ്യമായ ഫർണിച്ചറുകൾ, അടുക്കള ഉപകരണങ്ങൾ, കായിക ഉപകരണങ്ങൾ, ലാബ് ഉപകരണങ്ങൾ, ഹൈമാസ്റ്റ് ലൈറ്റ് എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൊയിലാണ്ടി RFTHS-ന്റെ സുരക്ഷാ അപര്യാപ്തത പരിഹരിക്കുന്നതിനായി കോമ്പൗണ്ട് വാളിന്റെ ഉയരം വർദ്ധിപ്പിക്കുന്നതിനും പുതിയ ഗേറ്റ് സ്ഥാപിക്കുന്നതിനും വേണ്ടി 5.70 ലക്ഷം രൂപയുടെ ഭരണാനുമതി 22-10-2011-ന് ഫിഷറീസ് ഡയറക്ടർ നൽകിയിട്ടുണ്ട്. തുടർന്ന് ടെണ്ടർ ചെയ്തപ്പോൾ 23.5% അധിക നിരക്കിൽനിന്നും 19% അധിക നിരക്കിലേക്ക് കുറയ്ക്കുവാൻ ദർഘാസുകാരൻ തയ്യാറായി. വീണ്ടുമുള്ള കൂടിയാലോചനയിൽ 15% അധിക നിരക്കിലേയ്ക്ക് കുറയ്ക്കുവാൻ ദർഘാസുകാരൻ തയ്യാറാകാത്ത സാഹചര്യത്തിൽ ടെണ്ടർ റദ്ദ് ചെയ്യുകയുണ്ടായി. SoR പരിഷ്കരിച്ചതു പ്രകാരം 8.25 ലക്ഷം രൂപയുടെ പരിഷ്കരിച്ച ഭരണാനുമതി 15-7-2013-ന് നൽകി 3 പ്രാവശ്യം ടെണ്ടർ ക്ഷണിക്കുകയും ഉണ്ടായി. നീതികരിക്കത്തക്ക ടെണ്ടറുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ക്വട്ടേഷൻ നോട്ടീസ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ഡി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു:

1. സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷത്തിൽ കുടിവെള്ള വിതരണം - 120.00 ലക്ഷം രൂപ
   വ്യക്തിഗത ടോയ്ലറ്റ് (144 എണ്ണം) - 28.80 ലക്ഷം രൂപ
   വൈദ്യുതീകരണം - 24.26 ലക്ഷം രൂപ
   ഹൈമാസ്റ്റ് ലൈറ്റ് (4 എണ്ണം) - 24.00 ലക്ഷം രൂപ
2. 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം നടപ്പിലാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 135.00 ലക്ഷം രൂപയുടെ കൊയിലാണ്ടി ഫിഷറീസ് സ്കൂൾ പുനരുദ്ധാരണം.
3. തീരദേശ സാമൂഹ്യ അടിസ്ഥാന വികസന പദ്ധതിയിലുൾപ്പെടുത്തി 20.52 ലക്ഷം രൂപയുടെ കൊയിലാണ്ടി പ്രൈമറി ഹെൽത്ത് സെന്ററിന് പുതിയ കെട്ടിട നിർമ്മാണം.
4. സമഗ്ര തീരദേശ വികസന പദ്ധതിയിലുൾപ്പെടുത്തി 86.00 ലക്ഷം രൂപയുടെ പയ്യോളി കുടിവെള്ള പദ്ധതി, 37.00 ലക്ഷം രൂപയുടെ ചേമഞ്ചേരി കുടിവെള്ള പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

5. ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം പദ്ധതിയിലുൾപ്പെടുത്തി 115.63 ലക്ഷം രൂപയുടെ പയ്യോളി മത്സ്യമാർക്കറ്റ് നിർമ്മാണം.

6. നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിലുൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ:

പയ്യോളി പ്രൈമറി ഹെൽത്ത് സെന്ററിന് ഐ.പി. ബ്ലോക്ക് നിർമ്മാണം - 1.23 കോടി രൂപ

പയ്യോളി ടെക്നിക്കൽ സ്കൂളിന് ഗ്രൗണ്ട് നിർമ്മാണം - 17.00 ലക്ഷം രൂപ

പയ്യോളി - ഇരിങ്ങൽ റോഡ് നിർമ്മാണം - 5.00 കോടി രൂപ

ഹൈമാസ്റ്റ് ലൈറ്റ് - ഇരിങ്ങൽ (3 എണ്ണം) - 21.00 ലക്ഷം രൂപ

(ഇ) നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിലുൾപ്പെടുത്തി കൊയിലാണ്ടിയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു:

പയ്യോളി പ്രൈമറി ഹെൽത്ത് സെന്ററിന് ഐ.പി. ബ്ലോക്ക് നിർമ്മാണം- 1.23 കോടി രൂപ

പയ്യോളി ടെക്നിക്കൽ സ്കൂളിന് ഗ്രൗണ്ട് നിർമ്മാണം - 17.00 ലക്ഷം രൂപ

പയ്യോളി - ഇരിങ്ങൽ റോഡ് നിർമ്മാണം - 5.00 കോടി രൂപ

ഹൈമാസ്റ്റ്ലൈറ്റ് ഇരിങ്ങൽ (3 എണ്ണം) - 21.00 ലക്ഷം രൂപ

RIDF 15-ൽ ഉൾപ്പെട്ട 929 ലക്ഷം രൂപ ഭരണാനുമതിയുള്ള കാപ്പാട് - കൊയിലാണ്ടി റോഡിന്റെ നിർമ്മാണം നടന്നുവരുന്നു.

ടി.എം. ചിറ പാലത്തിന്റെ പുനർനിർമ്മാണം

135 (136) <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ബാധിത പ്രദേശമായ ടി.എം.ചിറയേയും, കരയേയും തമ്മിൽ ബന്ധിപ്പിക്കുന്ന കോൺക്രീറ്റ് പാലം തകർന്നതോടെ പ്രദേശത്തെ മത്സ്യ തൊഴിലാളികൾ അടക്കമുള്ള ജനങ്ങൾദുരിതത്തിൽ ആഴ്ന്നിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ടി.എം. ചിറ പാലത്തിന്റെ പുനർനിർമ്മാണ പ്രക്രിയയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly